ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ എളവള്ളി ഗ്രാമപഞ്ചായത്തിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാൻ അനുമതി ആവശ്യപ്പെട്ടുകൊണ്ട് 29-6-2010-ന് അപേക്ഷ പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ബി.ഒ.ടി കമ്മിറ്റിയുടെ പരിഗണനയ്ക്കായി പ്രസ്തുത അപേക്ഷ സർക്കാരിൽ ലഭിച്ചിട്ടില്ല.

(ബി&സി) ബാധകമല്ല

**തീരദേശ കെട്ടിട നിർമ്മാണത്തിനുള്ള അനുമതി**

**209 (501)** ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽത്തീരത്ത് നിന്ന് എത്ര മീറ്റർ ദൂരപരിധി വച്ചാണ് പുതിയ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള നിയമത്തിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റം ഏതെങ്കിലും പ്രദേശത്തിന് വേണ്ടി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഏത് പ്രദേശത്തിന് വേണ്ടിയാണെന്ന് അറിയിക്കുമോ; പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ തീരദേശങ്ങളെ പൊതുവിൽ സി.ആർ.ഇസഡ് I, II, III ആയി തിരിച്ചിട്ടുണ്ട്. സി.ആർ.ഇസഡ് III മേഖലയിൽ കടൽതീരത്ത് ഹൈടൈഡ് ലൈനിൽ നിന്നും 500 മീറ്റർ വരെ തീരദേശ നിയന്ത്രണ മേഖലയാണ്. ഈ മേഖലയിൽ 200-500 മീറ്റർ വരെയുള്ള സ്ഥലത്ത് 1991-ലെ സി.ആർ.ഇസഡ് വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പ്രകാരം അനുവദനീയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുവാദം നൽകുവാൻ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിട്ടി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് അധികാരമുണ്ട്. സി.ആർ.ഇസഡ് II മേഖലയിൽ അംഗീകൃത കെട്ടിടങ്ങളുടെ റോഡുകളുടെ കരഭാഗത്ത് വ്യവസ്ഥകൾക്ക് വിധേയമായി നിർമ്മാണ പ്രവർത്തനങ്ങൾക്ക് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിട്ടി/കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അനുമതി നൽകുന്നതാണ്.

(ബി) ഇല്ല.

**ബിനീഷ് വർഗ്ഗീസിന്റെ നിയമനം**

**210 (502)** ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ രജിസ്ട്രേഷൻ വകുപ്പിൽ ക്ലാർക്കായിരിക്കെ അണ്ടർ വാല്യേഷൻ ഇനത്തിൽ കിട്ടിയ 35000 രൂപ വെട്ടിപ്പ് നടത്തിയതിന് സർവ്വീസിൽ നിന്നും പുറത്താക്കപ്പെട്ട പുൽപ്പള്ളി സ്വദേശി ബിനീഷ് വർഗീസിന് ഗ്രാമവികസന വകുപ്പിൽ നിയമനം ലഭിക്കാൻ ഇടയാക്കിയത് സംബന്ധിച്ച് അന്വേഷണം നടത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വയനാട് ജില്ലയിലെ നിയമന തട്ടിപ്പിനെ തുടർന്ന് വന്ന ഈ സംഭവത്തെ സംബന്ധിച്ച മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ തക്കതായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതുസംബന്ധിച്ച് അന്വേഷണം നടത്തുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ബന്ധപ്പെട്ട വിഷയത്തിൽ വിശദമായ അന്വേഷണം നടത്തിയതിനു ശേഷം ആയതിന്റെ അടിസ്ഥാനത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**മത്സ്യത്തൊഴിലാളികൾക്ക് നൽകിയ വീടുകൾ**

211 (503) ശ്രീ. എം. കെ. പ്രേമനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്;

(ബി) ഈ വർഷം കോഴിക്കോട് ജില്ലയിൽ അനുവദിച്ച വീടുകൾ എത്രയെന്നും അവ ആർക്കൊക്കെയാണ് വിതരണം ചെയ്തതെന്നും പേരും അഡ്രസ്സും സഹിതം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ സർക്കാർ നിർമ്മിച്ച് നൽകുന്നില്ല. മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ നിർമ്മിക്കുന്നതിന് 50,000 രൂപ വീതം ധനസഹായമാണ് നൽകുന്നത്. ദേശീയ മത്സ്യത്തൊഴിലാളി ഭവനനിർമ്മാണ പദ്ധതി പ്രകാരം പ്രതിവർഷം 1500 മത്സ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണത്തിനായി ധനസഹായം നൽകുന്നു. ആകെ 7,500 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ സ്പെഷ്യൽ പാക്കേജ് പ്രകാരം 210 പേർക്കും കാസർഗോഡ് ജില്ലയിൽ 'കോസ്റ്റൽപ്പുര പദ്ധതി' പ്രകാരം 55 പേർക്കും ധനസഹായം നൽകിയിട്ടുണ്ട്.

(ബി) ഈ വർഷം കോഴിക്കോട് ജില്ലയിൽ 300 പേർക്കാണ് ഭവനനിർമ്മാണ ധനസഹായം അനുവദിച്ചിട്ടുള്ളത്. അർഹതപ്പെട്ട അപേക്ഷകരുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**ഫിഷിംഗ് ലൈസൻസ്**

212 (504) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീൻ പിടിക്കുന്നതിനായിട്ടല്ലാതെ കേരളത്തിലെ കടലിൽ വള്ളങ്ങളും, യാനങ്ങളും ബോട്ടുകളും പ്രവർത്തിക്കുന്നുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly